# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷിക മേഖലാ വളർച്ചാ നിരക്ക്</u>

1623 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷികമേഖലാ വളർച്ചാനിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ പത്തുവർഷങ്ങളിലെ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനം ഓരോ വർഷവും എത്രയായിരുന്നു;

(സി) ഇക്കാലയളവിൽ പ്രധാന കാർഷിക വിളകളുടെ വിലയുടെ വാർഷിക ശരാശരി എത്രയായിരുന്നു;

(ഡി) 2011 മെയ് മാസത്തിൽ റബ്ബർ (ക്വിന്റലിന്), നാളീകേരം (100 എണ്ണത്തിന്) കുരുമുളക്, ഏലം, അടക്ക കശുവണ്ടി (ക്വിന്റലിന്) എന്നിവയുടെ വില എത്രയായിരുന്നു?

(ഇ) 2014 ജനുവരിയിൽ റബ്ബർ (ക്വിന്റലിന്) നാളീകേരം(100 എണ്ണത്തിന്), കുരുമുളക്, ഏലം, അടക്ക, കശുവണ്ടി (ക്വിന്റലിന്) എന്നിവയുടെ വില എത്രയാണ്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കൃഷിവകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതം</u>

1624 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് ബജറ്റിൽ അനുവദിച്ച തുക ചെലവാക്കുന്നതിൽ വീഴ്ച വന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം എത്രയായിരുന്നു; ഇതിൽ എത്ര രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി കൃഷി വകുപ്പിന് ലഭിച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചു; മുഴുവൻ തുകയും ചെലവഴിച്ചില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാർഷികമേഖലയിലെ പ്രതിസന്ധി</u>

1625 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാർഷികമേഖലയിലെ പ്രധാന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിൽ ആശ്വാസ നടപടികൾ</u>

1626

ശ്രീ. എം. എ. ബേബി
,, കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖല തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉല്പാദനവും കർഷകരക്ഷയും ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ ഫലം ഗുണഭോക്താക്കളിൽ എത്തിയിട്ടുണ്ടോ;

(സി) ചെറുകിട കർഷകരുടെ പലിശ ബാദ്ധ്യത പൂർണ്ണമായും എഴുതി തള്ളിയിട്ടുണ്ടോ; ഈ ഇനത്തിൽ എന്തു തുക ചിലവഴിക്കുകയുണ്ടായി;

(ഡി) ചെറുകിട കർഷകർക്കെല്ലാം പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കുകയുണ്ടായോ; ഇതിനായി കഴിഞ്ഞ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എത്രയായിരുന്നു; ചിലവഴിച്ചതെത്ര; യഥാർത്ഥത്തിൽ എന്തു തുകയാണ് ഇതിനാവശ്യം; വിശദമാക്കുമോ;

(ഇ) കാർഷിക വായ്പ തിരിച്ചടവിൽ റിസ്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുകയുണ്ടായോ; ഇതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചിലവഴിക്കപ്പെട്ടു; പ്രസ്തുത സ്കീമിനെക്കുറിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക കമ്മീഷന്‍</u>

1627 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയില്‍
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം കാര്‍ഷിക കമ്മീഷന്‍ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കാര്‍ഷിക കമ്മീഷന്റെ ചുമതലകള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കാര്‍ഷിക കമ്മീഷന്‍ എന്തെങ്കിലും ശുപാര്‍ശകള്‍ സമര്‍പ്പിച്ചിട്ടുണ്ടോ; എങ്കില്‍ ശുപാര്‍ശകള്‍ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) കാര്‍ഷിക കമ്മീഷന്റെ ശുപാര്‍ശകള്‍ സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ; ഇത് നടപ്പിലാക്കുവാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; ഏതെങ്കിലും ശുപാര്‍ശ സര്‍ക്കാര്‍ തള്ളികളഞ്ഞിട്ടുണ്ടോ; എങ്കില്‍ കാരണം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കർഷക രജിസ്ട്രേഷൻ</u>

1628 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്;

(ഡി) എവിടെയെല്ലാമാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷ പദ്ധതി</u>

1629 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിന്‍
,, പി. സി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ മുന്‍നിര്‍ത്തി ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുള്ള പദ്ധതി പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാം;

(ബി) ഇപ്രകാരം നടപ്പില്‍ വരുത്തിയ പ്രവര്‍ത്തനങ്ങളിലൂടെ കൈവരിക്കുവാന്‍ കഴിഞ്ഞിട്ടുള്ള നേട്ടങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വര്‍ഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികള്‍ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

സംയോജിത കാര്‍ഷിക വികസന പദ്ധതി

1630 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 വര്‍ഷത്തെ ബഡ്ജറ്റില്‍ പ്രഖ്യാപിച്ച സംയോജിത കാര്‍ഷിക വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ സര്‍ക്കാര്‍ കൈവരിക്കാനുദ്ദേശിച്ചിരുന്ന ഭൗതിക നേട്ടങ്ങളെന്തൊക്കെയാണ്; അവ പൂര്‍ണ്ണമായും നേടാന്‍ കഴിഞ്ഞുവോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ കാര്‍ഷിക ഉല്‍പ്പാദനം വര്‍ദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കില്‍ ഇത് സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര രൂപ നാളിതുവരെ ചിലവഴിക്കാന്‍ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>സംയോജിത കൃഷിത്തോട്ട പദ്ധതി</u>

1631 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കൃഷിത്തോട്ട പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഹൈ-ടെക് കൃഷി പദ്ധതി</u>

1632 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജി മോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ ഹൈ-ടെക് കൃഷി (ഗ്രീൻ ഹൗസ്) പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, എന്നാണു തീരുമാനിച്ചത്;

(ബി) പ്രസ്തുത പദ്ധതി എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എം.എൽ.എ.മാർ നൽകിയ നിർദ്ദേശങ്ങളനുസരിച്ച് ഏതെങ്കിലും സ്ഥലത്ത് ഹൈ-ടെക് കൃഷി ആരംഭിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ
വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം

1633 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം സാധ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അനുബന്ധ പദ്ധതികൾക്കായി നാളിതുവരെ ഓരോ ജില്ലയ്ക്കും ചെലവിട്ട തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇത്തരം കൃഷി സമ്പ്രദായങ്ങൾ നടപ്പിലാക്കിയതുമൂലം കാർഷിക മേഖലയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു സമഗ്ര വിലയിരുത്തലിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

ഹൈടെക് കൃഷി

1634 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2012-13 വർഷത്തിൽ ഹൈടെക് കൃഷിക്ക് സഹായമായി എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) അക്വാപോണിക്സ് കൃഷി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മാതൃകാ ഹൈടെക് - ഹരിതഗ്രാമങ്ങൾ</u>

1635 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ ഹൈടെക് - ഹരിതഗ്രാമങ്ങൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത് ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവഴി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ മാതൃകാ ഹൈടെക് - ഹരിത ഗ്രാമങ്ങൾ

1636 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ഊർജ്ജസുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന മാതൃകാ ഹൈടെക് - ഹരിത ഗ്രാമങ്ങൾക്കായി 2013-14 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പരിപാടിയിൻ കീഴിൽ നടപ്പാക്കുന്ന പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ ഈ പരിപാടിക്കായി ചിലവഴിച്ച തുക ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ;

(സി) ഈ വർഷം തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ എത്ര മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; അവ ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ</u>

1637 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ നിന്നും കർഷകന് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ട് കർഷകർക്ക് പ്രയോജനം ലഭിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദവും ഉപയുക്തവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആരാണ് നിയമന അധികാരി എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

ഫാർമേഴ്സ് സർവ്വീസ് സെന്റർ

1638 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സംസ്ഥാന കൃഷി വകുപ്പ് മുഖേന ഏതെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നത്; 2012-13 വർഷത്തിൽ എത്ര തുക അനുവദിച്ചു;

(ബി) സംസ്ഥാനത്ത് ഫാർമേഴ്സ് സർവ്വീസ് സെന്റർ സ്ഥാപിക്കുന്നതിനായി 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ എത്ര ധനസഹായം അനുവദിച്ചു; അതിൽ എത്ര തുക ചിലവഴിച്ചു; എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) 2012-13 ൽ സംസ്ഥാന കൃഷി വകുപ്പിന് കേന്ദ്രത്തിൽ നിന്നും എത്ര തുകയുടെ ധനസഹായം ലഭിച്ചു; തനത് വർഷത്തിൽ എത്ര തുക ചിലവഴിച്ചു; എന്തെല്ലാം ഇനത്തിലാണ് ചിലവഴിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും പരിപാടി

1639 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ വാർഷിക പദ്ധതിയിൽ കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും എന്ന പരിപാടിയിൻ കീഴിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതിഇനത്തിൽ എത്ര തുക വകയിരുത്തിയിരുന്നു; പ്രസ്തുത പദ്ധതികൾ ഏതെല്ലാമായിരുന്നു;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി നേടിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) അനുമതി നേടിയ ഓരോ പദ്ധതിയിലും എത്ര രൂപ വീതം നാളിതുവരെ ചിലവഴിക്കാൻ സാധിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കര്‍ഷക ആത്മഹത്യ തടയുന്നതിന് നടപടി</u>

1640 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ രണ്ട് വര്‍ഷമായി കേരളത്തില്‍ എത്ര കര്‍ഷകര്‍ ആത്മഹത്യ ചെയ്തു; വിശദാംശം നല്‍കാമോ;

(ബി) ആത്മഹത്യ ചെയ്ത കര്‍ഷകര്‍ക്കായി എന്തെല്ലാം ധനസഹായങ്ങളാണ് കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകള്‍ പ്രഖ്യാപിച്ചത്;

(സി) കര്‍ഷക ആത്മഹത്യ തടയുന്നതിനായി രൂപീകരിച്ച എതെല്ലാം പാക്കേജുകള്‍ ആണ് നിലവിലുള്ളത്; ഓരോന്നിന്റെയും പുരോഗതിയും, ചിലവഴിച്ച തുകയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കര്‍ഷക കടാശ്വാസ കമ്മീഷന്‍ പ്രഖ്യാപിച്ച ആശ്വാസ ധനം</u>

1641 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. സി. കെ. സദാശിവന്‍
ശ്രീമതി കെ. എസ്. സലീഖ
,, കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിളനാശം മൂലം ദുരിതമനുഭവിക്കുന്ന കര്‍ഷകര്‍ക്ക് കര്‍ഷക കടാശ്വാസ കമ്മീഷന്‍ പ്രഖ്യാപിച്ച ആശ്വാസ ധനം കുടിശ്ശിക ആയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിളനാശം മൂലം നഷ്ടം വന്ന കര്‍ഷകരില്‍ നിന്നും കര്‍ഷക കടാശ്വാസ കമ്മീഷന് ലഭിച്ച എത്ര അപേക്ഷകളിന്മേല്‍ ഇനിയും തീരുമാനം എടുക്കാനുണ്ട്; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കമ്മീഷന്‍ പ്രഖ്യാപിച്ച നഷ്ടപരിഹാരതുക നല്‍കാനാവശ്യമായ തുക ബജറ്റില്‍ വകയിരുത്തിയിട്ടുണ്ടോ; അടങ്കല്‍ തുകയുടെ അപര്യാപ്തതയും നടപടികളിലെ കാലവിളംബവും മൂലം കര്‍ഷകര്‍ക്ക് യഥാസമയം ആശ്വാസം ലഭിക്കുന്നില്ലെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കർഷക കടാശ്വാസ കമ്മീഷന്റെ വിധി പ്രകാരമുള്ള ആശ്വാസ ധനവിതരണം</u>

1642 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക കടാശ്വാസ കമ്മീഷനു ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ തീർപ്പാക്കിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) തീർപ്പാക്കപ്പെട്ട അപേക്ഷകളിൻമേലുള്ള കടാശ്വാസ ധനവിതരണത്തിൽ കുടിശ്ശികയുണ്ടോ; ജില്ല തിരിച്ച് കണക്കു ലഭ്യമാക്കുമോ;

(ഡി) ഇതിലേയ്ക്കായി എന്ത് തുക വേണ്ടി വരും; ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കര്‍ഷക പെന്‍ഷന്‍</u>

T.1643 ശ്രീ. കെ.കെ.ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചെറുകിടനാമമാത്ര കര്‍ഷക കുടുംബത്തിലെ അറുപത് വയസ്സുകഴിഞ്ഞവര്‍ക്ക് നല്‍കുന്ന കര്‍ഷക പെന്‍ഷന്‍ സ്കീം പ്രകാരം എത്ര പേര്‍ക്ക് പെന്‍ഷന്‍ നല്‍കുന്നുണ്ട്; ഇതിനായി സര്‍ക്കാരിന് ലഭിച്ച അപേക്ഷകള്‍ എത്രയായിരുന്നു;

(ബി) ലഭിച്ച അപേക്ഷകരുടെയും പെന്‍ഷനര്‍ഹതയുള്ളതായി കണ്ടെത്തപ്പെട്ടവരുടെയും യഥാര്‍ത്ഥത്തില്‍ പെന്‍ഷന്‍ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെയും ജില്ലതിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്കീം പ്രകാരം ഏത് തീയതിവരെയുള്ള പെന്‍ഷന്‍ നല്‍കി കഴിഞ്ഞിട്ടുണ്ട്; കുടിശ്ശികയായിട്ടുള്ളത് എത്ര; ഇതിനായി ബഡ്ജറ്റില്‍ വകയിരുത്തിയ തുകയില്‍ എത്ര രൂപ ചെലവായിട്ടുണ്ട്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കര്‍ഷകര്‍ക്ക് പെന്‍ഷന്‍, സബ്സിഡി വിതരണം

1644 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകര്‍ക്ക് അനുവദിച്ച പെന്‍ഷന്‍, സബ്സിഡി ഉള്‍പ്പെടെയുളള ആനുകൂല്യങ്ങളില്‍ എത്ര തുക കര്‍ഷകരുടെ അക്കൗണ്ടിലേക്ക് മാറ്റാനുണ്ടെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക കര്‍ഷകരുടെ അക്കൗണ്ടിലേക്ക് മാറ്റാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കർഷക പെൻഷൻ വിതരണം</u>

1645 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക പെൻഷൻ ഇനത്തിൽ സംസ്ഥാനത്ത് എത്ര പേർക്ക് ഒന്നാം ഘട്ടത്തിൽ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) രണ്ടാം ഘട്ടത്തിൽ പ്രസ്തുത ഇനത്തിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) രണ്ടാം ഘട്ടത്തിൽ പെൻഷൻ അനുവദിച്ച കർഷകർക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) രണ്ടാം ഘട്ടത്തിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ചെറുകിട-നാമമാത്ര കർഷകർക്കുള്ള പെൻഷൻ കുടിശ്ശിക തീർക്കുന്നതിന് നടപടി</u>

1646 ശ്രീ. കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട-നാമമാത്ര കർഷകർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പെൻഷൻ വിതരണത്തിലെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര കർഷകർക്കാണ് നിലവിൽ പെൻഷൻ അർഹതയുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>രാസവള സബ്സിഡി</u>

1647 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർ പ്രധാനമായും ഉപയോഗിക്കുന്ന രാസവളങ്ങൾ ഏതെല്ലാമാണ്;

(ബി) ഓരോ ഇനം വളവും പ്രതിവർഷം എത്ര ടൺ വീതം കേരളത്തിലെ കർഷകർ ഉപയോഗിക്കുന്നുണ്ട്;

(സി) ഓരോ ഇനം വളത്തിനും 2011 മെയ് മാസത്തിലെ വില എത്രയായിരുന്നു;

(ഡി) ഓരോ ഇനം വളത്തിനും 2014 ജനുവരിയിലെ വില എത്രയാണ്;

(ഇ) സംസ്ഥാന ഗവൺമെന്റ് വളം സബ്സിഡി നൽകുന്നുണ്ടോ;

(എഫ്) പ്രതിവർഷം എത്ര രൂപ വളം സബ്സിഡി നൽകുന്നതിനായി ചിലവഴിക്കുന്നുണ്ട്;

(ജി) പ്രസ്തുത വളം സബ്സിഡി വളം നിർമ്മാണ കമ്പനികൾക്കു നൽകുകയാണോ കർഷകർക്കു നൽകുകയാണോ ചെയ്യുന്നത്;

(എച്ച്) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഓരോ ഇനം വളത്തിനും എത്ര ശതമാനം വാറ്റ് നികുതി ഈടാക്കുന്നുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കര്‍ഷകര്‍ക്കുള്ള സൗജന്യ വൈദ്യുതി പദ്ധതി

1648 ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകര്‍ക്ക് നല്‍കിവരുന്ന സൗജന്യ വൈദ്യുതി പദ്ധതി നിര്‍ത്തലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ അതിനുള്ള കാരണങ്ങള്‍ വിശദമാക്കാമോ;

(ബി) നിലവില്‍ സൗജന്യ നിരക്കില്‍ വൈദ്യുതി ലഭിച്ചുകൊണ്ടിരിക്കുന്ന കര്‍ഷകര്‍ പുതുക്കിയ അപേക്ഷാഫോറം നല്‍കണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ; പുതുക്കിയ അപേക്ഷാഫോറം നല്‍കണമെന്ന നിര്‍ദ്ദേശം നല്‍കാനുണ്ടായ സാഹചര്യം എന്താണ്; വിശദമാക്കാമോ;

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ദേശീയ കാര്‍ഷിക വിള ഇന്‍ഷ്വറന്‍സ് പദ്ധതി</u>

1649 ശ്രീ. സി. ദിവാകരന്‍
'' ജി.എസ്. ജയലാല്‍
'' കെ. രാജു
'' ഇ.എസ്. ബിജിമോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ കാര്‍ഷിക വിള ഇന്‍ഷ്വറന്‍സ് പദ്ധതിയില്‍ സംസ്ഥാനത്തു നിന്നും എത്ര നെല്‍കര്‍ഷകര്‍ അംഗങ്ങളായിട്ടുണ്ട്;

(ബി) ഈ പദ്ധതിയിന്‍ കീഴില്‍ നെല്‍കര്‍ഷകര്‍ ഒരേക്കറിന് അടച്ചുകൊണ്ടിരുന്ന പ്രീമിയം തുക എത്രയാണ്; ഇത് വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കില്‍ ഈ വര്‍ദ്ധനവിന് ആധാരമായ വസ്തുതകള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ ഇന്‍ഷ്വറന്‍സ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങള്‍ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

1650 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കർഷകരുടെയും സർക്കാരിന്റെയും വിഹിതം എത്രവീതമാണ്;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര കർഷകർ ചേർന്നിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി</u>

1651 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇൻഷ്വറൻസ് സംരക്ഷണം കൂടുതൽ വ്യാപകമാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഇ-പേയ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തനം</u>

1652 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ലഭ്യമാക്കുന്ന ഇ-പേയ്മെന്റ് സംവിധാനത്തിൽ കർഷകർക്ക് കൃത്യമായി പണം ലഭിക്കുന്നുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിൽ കൃഷി അസിസ്റ്റന്റുമാർ മുഖേന അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ; ഈ ആനുകൂല്യം കർഷകർക്ക് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകർക്ക് ലഭിക്കേണ്ട തുക

1653 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് നടപ്പാക്കിയ ഇ-പേയ്മെന്റ് സംവിധാനം വഴി കർഷകർക്ക് ലഭിക്കേണ്ട തുക കർഷകരുടെ അക്കൗണ്ടിൽ എത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ ജില്ലയിലും കർഷകർക്ക് വിവിധ പദ്ധതികൾക്കായി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന എത്ര തുക ബാങ്കുകളിൽ നല്കിയിട്ടുണ്ട് ; ഇതിൽ എത്ര തുക കർഷകരുടെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പണം കൈമാറി മാസങ്ങൾ കഴിഞ്ഞിട്ടും കർഷകർക്ക് ഇത് ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കൃഷി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം

1654 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഇ-പെയ്മെന്റ് സംവിധാനം നിലവിൽ വന്നത് എന്ന് മുതലാണ്;

(ബി) ഇ-പെയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി കർഷകർക്ക് ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ കർഷകർക്കുള്ള അക്കൗണ്ടിൽ സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇ-പെയ്മെന്റ് സംവിധാനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

## തൃശ്ശൂർ കോൾനില കർഷകർക്ക് ഉല്പാദന ബോണസ്സ് കുടിശ്ശിക

1655 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾനില കർഷകർക്ക് ഉല്പാദന ബോണസ്സ് നല്കുമെന്ന് 07.12.2011-ന് ചേർന്ന മന്ത്രിതല യോഗ തീരുമാനം പ്രാവർത്തികമായിട്ടുണ്ടോ ; ഇതു സംബന്ധിച്ച ഉത്തരവുകൾ എന്തെങ്കിലും ഇറക്കിയിട്ടുണ്ടോ ;

(ബി) ഉല്പാദന ബോണസ്സ് അനുവദിച്ചത് ഏത് കാലയളവു മുതലാണെന്ന് അറിയിക്കുമോ ;

(സി) 2010-2011 സാമ്പത്തിക വർഷത്തെ ബോണസ്സ് കുടിശ്ശിക അനുവദിക്കാൻ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ മുൻകാലപ്രാബല്യത്തോടെ ബോണസ്സ് കുടിശ്ശിക കർഷകർക്ക് നല്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തരിശ് വയലുകളിൽ കൃഷിയിറക്കുന്നതിന് നടപടി

1656 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ചെയ്യാതെ തരിശിടുന്ന വയലുകളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) തരിശുവയലുകളിൽ കൃഷിയിറക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം വയലുകളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തരിശ് വയലുകളിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>തരിശു ഭൂമി വികസനോൻമുഖമാക്കൽ പദ്ധതി</u>

1657 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 - ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക് - പ്രൈവറ്റ് - പഞ്ചായത്ത് പങ്കാളിത്തത്തോടെ സർക്കാർ വക തരിശു ഭൂമി വികസനോൻമുഖമാക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര അളവിൽ ഭൂമി പാട്ടക്കൃഷിക്കായി ലഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പോളച്ചിറ ഏലായിലെ പുഞ്ചകൃഷി പദ്ധതി</u>

1658 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ മുൻവർഷം നടത്തിയതുപോലെ വടക്കാഞ്ചേരി മോഡൽ പുഞ്ചകൃഷി ചെയ്യുവാൻ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത ഏലായിൽ കൃഷി ആരംഭിക്കുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിരുന്നത്;

(സി) നെൽകൃഷി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; കൃഷി നടത്തുന്നതിനും, വെള്ളം വറ്റിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് അറിയിക്കുമോ;

(ഡി) തടസ്സങ്ങൾ ഒഴിവാക്കി കൃഷി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) മുൻവർഷം എത്ര ഏക്കർ സ്ഥലത്ത് കൃഷി ചെയ്തിരുന്നുവെന്നും എത്ര ടൺ നെല്ല് ലഭ്യമായെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>ജൈവ വൈപ്പിന്‍ പ്രൊജക്ട്</u>

1659 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ പൊക്കാളി-മത്സ്യകൃഷി മേഖലയുടെ സമഗ്ര വികസനത്തിനായി രൂപം നല്‍കിയിട്ടുള്ള 'ജൈവ വൈപ്പിന്‍ പ്രോജക്ട്' സര്‍ക്കാരിന് സമര്‍പ്പിച്ചിട്ടുണ്ടോയെന്നും, ഇതു സംബന്ധിച്ച് സര്‍ക്കാര്‍ തലത്തില്‍ ചര്‍ച്ച നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രൊജക്ട് നടത്തിപ്പിന് സ്പെഷ്യല്‍ ഓഫീസറെ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ടെങ്കില്‍ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സ്വാമിനാഥൻ പാക്കേജിൽപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

1660 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാമിനാഥൻ പാക്കേജിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെന്നും, ഏതൊക്കെ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വയനാട് പാക്കേജ് നടത്തിപ്പിനുള്ള ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനം</u>

1661 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് പാക്കേജിന്റെ ഭാഗമായി ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനം നടത്തിയിരുന്നുവോ;

(ബി) നിയമനത്തിനുള്ള മാനദണ്ഡം എന്തൊക്കെയായിരുന്നു; ഇതിനുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തത് എപ്രകാരമായിരുന്നു;

(സി) റാങ്ക് ലിസ്റ്റ് അട്ടിമറിച്ച്കൊണ്ട് ഫീൽഡ് അസിസ്റ്റന്റ് നിയമനം നടത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് അസിസ്റ്റന്റ് നിയമനം റാങ്ക് ലിസ്റ്റ് പ്രകാരമാണോ നടന്നത് എന്നത് സംബന്ധിച്ച് പരിശോധിച്ചുവോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1662 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആർ. ബ്ലോക്കിൽ അനുവദിച്ച ഇരുപത്തിമൂന്ന് കിർലോസ്ക്കർ ഹോറിസോണ്ടൽ സെൻട്രിഫ്യൂഗൽ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി ആർ. ബ്ലോക്ക് കായലിലെ എത്ര ചാലുകളാണ് ആഴം കൂട്ടുന്നതെന്ന് വിശദമാക്കാമോ;

(സി) ബാക്കിവരുന്ന ചാലുകൾ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴംകൂട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

T.1663 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന് വേണ്ടി 2012-2013 ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചിലവഴിച്ചുവെന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) ആയതിൽ ബാക്കിയുള്ളതും ചിലവഴിച്ചതുമായ തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(സി) 2012-13 ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50,000 ലക്ഷം രൂപയിൽ എന്തു തുക ചിലവഴിച്ചുവെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

1664 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് എത്ര രൂപ ചിലവഴിച്ചിട്ടുണ്ട് ;

(ഡി) 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചിലവഴിച്ച തുകകൾ വർഷംതിരിച്ച് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

ഇടുക്കി പാക്കേജ് പദ്ധതി

1665 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനം ലക്ഷ്യമിട്ട ഇടുക്കി പാക്കേജ് പദ്ധതിയുടെ കാലാവധി എത്ര വർഷമായിരുന്നു ; അത് അവസാനിച്ച തീയതി എന്നായിരുന്നു ;

(ബി) 2013 നവംബർ 20വരെ പദ്ധതിക്കുവേണ്ടി ചെലവായ തുക എത്ര ; പദ്ധതിയ്ക്ക് മൊത്തം എന്ത് തുക ചെലവ് പ്രതീക്ഷിച്ചിരുന്നു;

(സി) ഇടുക്കി പാക്കേജ് പദ്ധതിയുടെ പ്രതീക്ഷിച്ച ചെലവിന്റെ എത്ര ശതമാനം തുക 2013 നവംബർ 20വരെ ചിലവഴിക്കുകയുണ്ടായി ;

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഇടുക്കി പാക്കേജ്

1666 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിന്റെ ഭാഗമായി 2011-12, 2012-13, 2013-14 എന്നീ സാമ്പത്തികവർഷങ്ങളിൽ ചിലവഴിച്ച തുകയുടെ വിവരം വർഷംതിരിച്ചു ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിപണി ഇടപെടലിനുവേണ്ടി സബ്സിഡി</u>

1667 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ, വി. എഫ്. പി. സി. കെ. എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചക്കറി വില നിയന്ത്രിക്കുന്നതിന് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ വിപണി ഇടപെടലിനുവേണ്ടി എത്ര രൂപ സബ്സിഡി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ കർഷകരിൽനിന്നും നേരിട്ട് എത്ര ടൺ പച്ചക്കറി സംഭരിച്ചു എന്നതിന്റെ കണക്ക്, വർഷം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാര്‍ഷിക വിപണിയില്‍ ഇടപെട്ട് സഹായം നല്‍കല്‍ പദ്ധതി</u>

1668 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വിപണിയില്‍ ഇടപെട്ട് സഹായം നല്‍കല്‍ പദ്ധതി പ്രകാരം 2012-13 വര്‍ഷത്തെ ബഡ്ജറ്റില്‍ എന്ത് തുക വകയിരുത്തിയിരുന്നു;

(ബി) പ്രസ്തുത തുക ഏതെല്ലാം സംഭരണ ഏജന്‍സികള്‍ക്കാണ് നല്‍കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുകയില്‍ ഓരോ ഏജന്‍സിയും എത്ര രൂപ വീതം ചിലവഴിച്ചു; വിശദമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കൃഷിഫാമുകളുടെ ശാക്തീകരണം

1669 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുളള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾക്കിടയിൽ മത്സരബുദ്ധിയുണ്ടാവാൻ സമ്മാനപദ്ധതി ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പൈനാപ്പിള്‍ മിഷന്‍</u>

1670 ശ്രീ. ജോസഫ് വാഴക്കന്‍
'' ബെന്നി ബഹനാന്‍
'' ഹൈബി ഈഡന്‍
'' വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പൈനാപ്പിള്‍ മിഷന്റെ പ്രവര്‍ത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) പൈനാപ്പിള്‍ കൃഷി തദ്ദേശീയ സവിശേഷതകളോടെ വ്യാപിപ്പിക്കുവാന്‍ എന്തെല്ലാം കാര്യങ്ങളാണ് മിഷനില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) മിഷന്റെ പ്രവര്‍ത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് സര്‍ക്കാര്‍ നല്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സമഗ്ര പച്ചക്കറി വികസന പദ്ധതി</u>

1671 ശ്രീ. ബെന്നി ബെഹനാൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും കൃഷി വ്യാപകമാക്കുവാൻ നടപടി</u>

1672 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കൾക്ക് അതിരൂക്ഷമായ വിലക്കയറ്റമുണ്ടാകുകയും മാരകമായ കീടനാശിനികൾ നിയന്ത്രണമില്ലാതെ ഉപയോഗിച്ച് കൃഷി ചെയ്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് കേരളത്തിൽ കൂടിയ വിലയ്ക്ക് പച്ചക്കറി വിൽക്കുകയും ചെയ്യുന്ന സാഹചര്യം പരിഗണിച്ച് കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും കൃഷി വ്യാപകമാക്കുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) ഈ നടപടികൾ കൊണ്ട് കാർഷികോത്പന്നങ്ങൾ എത്രമാത്രം കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'നിറവ്' പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍</u>

1673 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷി, മൃഗസംരക്ഷണ മേഖലകളുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കുന്ന 'നിറവ്' പദ്ധതിയുടെ പ്രവര്‍ത്തനങ്ങള്‍ വ്യക്തമാക്കാമോ;

(ബി) 2013-2014 വര്‍ഷത്തില്‍ പ്രസ്തുത പദ്ധതിയില്‍ കാസര്‍ഗോഡ് ജില്ലയിലെ ഏതൊക്കെ നിയോജക മണ്ഡലങ്ങളെ ഉള്‍പ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതി</u>

1674 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കൃഷി വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്ന് വിശദമാക്കാമോ;

(സി) 2013-14 വർഷത്തെ പ്രോജക്ടുകൾ മുഴുവൻ ഈ സാമ്പത്തികവർഷം തന്നെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുന്ദമംഗലം മണ്ഡലത്തിൽ 'നിറവ്' പദ്ധതി</u>

1675 ശ്രീ. പി.റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'നിറവ്' പദ്ധതി ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിൽ വരുത്തുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവ കൃഷി</u>

1676 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി-മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഫാമുകളിൽ ജൈവവളങ്ങളും, ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ</u>

1677 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത തുകയിൽ എത്ര തുക ഇതിനകം അനുവദിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്കുവേണ്ടി ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നും പദ്ധതികളുടെ ജില്ലതിരിച്ചുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പുതിയതായി ഈ മേഖലയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ. എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള പദ്ധതികളിലൂടെ ജൈവകൃഷി വ്യാപനത്തിന്റെ സ്ഥിതി ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തലിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഗ്രീൻഹൗസ് പദ്ധതി</u>

1678 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ മൂന്നു വീതം ആകെ മൂവായിരം ഗ്രീൻഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്കരിച്ച പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിനകം പൂർത്തിയായ ഗ്രീൻഹൗസുകളുടെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ;

(സി) വിതരണം ചെയ്ത സബ്സിഡി തുക എത്രയാണ്;

(ഡി) പ്രഖ്യാപിച്ച രീതിയിൽ പദ്ധതി നടപ്പായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഗ്രീൻഹൗസിനായി ലഭിച്ച അപേക്ഷകൾ എത്രയാണ്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഗ്രീൻഹൗസ് പദ്ധതി

1679 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൗസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഗ്രീൻഹൗസുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ ചിലവഴിക്കപ്പെട്ട തുക എത്ര; വിശദമാക്കാമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>സമഗ്ര നാളീകേര വികസന പദ്ധതി</u>

1680 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര നാളീകേര വികസനപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നതിലൂടെ എന്താണ് സർക്കാർ വിവക്ഷിക്കുന്നത്;

(സി) ഈ പ്രഖ്യാപനത്തിനുശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) ഇതര പാനീയങ്ങൾ പരമാവധി ഒഴിവാക്കി സർക്കാർ ചടങ്ങുകളിലെല്ലാം ഇളനീർ നൽകുന്നതിലൂടെ ഔദ്യോഗിക പാനീയം എന്ന നിലയിൽ പ്രത്യേക പ്രചരണ പരിപാടിക്ക് രൂപം കൊടുക്കാമോ;

(ഇ) സർക്കാർ പ്രഖ്യാപനത്തിനുശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിനുവേണ്ടി നാളിതുവരെ എത്രരൂപ ചെലവിട്ടുവെന്നറിയിക്കുമോ; ആയത് ഏതെല്ലാം ഇനത്തിലാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിത്തുതേങ്ങ സംഭരണം</u>

1681 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽനിന്നാണ് വിത്തുതേങ്ങ സംഭരിക്കുന്നത്; വിശദമാക്കുമോ;

(ബി) വിത്തുതേങ്ങ സംഭരിക്കുന്ന പ്രദേശങ്ങളിൽതന്നെ തെങ്ങിൻതൈ ഉല്പാദിപ്പിക്കാനുള്ള ഫാം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>തെങ്ങിൻതടിയുടെ വൈവിദ്ധ്യ ഉപയോഗം</u>

1682 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉത്പ്പന്ന വൈവിദ്ധ്യവൽക്കരണത്തിനുമായി പ്രൈമറി പ്രോസസിങ്ങിനുവേണ്ടിയുള്ള കേരഫെഡ് എഫ്.ഐ.ടി സംരഭത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന് തെങ്ങിൻതടിയുടെ ഉപയോഗം വ്യാപകമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിലേയ്ക്കായി എത്ര തുക കേരഫെഡിനു നൽകി; അതിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം

1683 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തെങ്ങുകളുടെ കൂമ്പ് ചീയൽ രോഗം തടയുന്നതിന് നടപടി

1684 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങുകൾക്ക് കൂമ്പ് ചീയൽ രോഗം വ്യാപകമാവുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കൂമ്പ് ചീയൽ മൂലം മുറിച്ചുമാറ്റേണ്ടിവന്ന തെങ്ങുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>ചേലക്കര നാളീകേര ബയോപാർക്ക്</u>

1685 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നാളീകേര ബയോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നാളീകേര ബയോപാർക്ക് നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ഡി) ഈ സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് തുടങ്ങുമെന്ന് പറയാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മാമം നാളികേര കോംപ്ലക്സ്</u>

1686 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാമം നാളികേര കോംപ്ലക്സ് പ്രവർത്തന സജ്ജമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ കൃഷി വകുപ്പിന്റെ കീഴിൽ മറ്റെന്തെങ്കിലും പദ്ധതി തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

കേരഫെഡിൽ ജീവനക്കാരുടെ നിയമനം

1687 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരഫെഡിൽ ജീവനക്കാരുടെ നിയമനത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) കേരഫെഡിൽ അടുത്ത കാലത്ത് അക്കൗണ്ടന്റുമാരുടെ നിയമനം നടത്തിയിരുന്നുവോ; എങ്കിൽ പ്രസ്തുത നിയമനത്തിനുള്ള മാന ദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) കേരഫെഡിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ ; അല്ലെങ്കിൽ അതി നുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്ക് പാക്കേജ്</u>

1688 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കവുങ്ങ് കര്‍ഷകര്‍ക്കായി പ്രത്യേക ധനസഹായ പാക്കേജ്</u>

1689 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതല്‍ കവുങ്ങ് കര്‍ഷകര്‍ ഉള്ളത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വര്‍ഷത്തെ അതിവര്‍ഷം മൂലം മഹാളിരോഗം പിടിപെട്ട് എത്ര രൂപയുടെ നഷ്ടം കാസര്‍ഗോഡ് ജില്ലയിലെ കര്‍ഷകര്‍ക്ക് ഉണ്ടായിട്ടുണ്ടെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കില്‍ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ;

(ഡി) നഷ്ടം സംഭവിച്ച് കടക്കെണിയിലായ കവുങ്ങ് കര്‍ഷകരെ സഹായിക്കുന്നതിന് പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തില്‍ കാര്‍ഷികാഭിവൃദ്ധിയ്ക്കായി പദ്ധതികള്‍</u>

1690 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക മേഖലയില്‍ മുന്‍പന്തിയില്‍ നില്‍ക്കുന്ന അങ്കമാലി നിയോജകമണ്ഡലത്തില്‍ കാര്‍ഷികാഭിവൃദ്ധിയ്ക്കായി എന്തെങ്കിലും പദ്ധതികള്‍ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ പദ്ധതികള്‍ ഏതെല്ലാമെന്നും ഇതിനായി അനുവദിച്ചിട്ടുളള തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഇല്ലെങ്കില്‍ ഇതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം</u>

1691 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ സീഡ് ഫാമിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫാമിന്റെ വിപുലീകരണത്തിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) ഫാമിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാന പാർക്ക്</u>

1692 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാന പാർക്ക് ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാർക്കിനെ സ്ഥിരമായി നിലനിർത്തുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പോളച്ചിറ ഏലായിലെ അടിസ്ഥാനസൗകര്യവികസന പദ്ധതികൾ</u>

1693 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതി പ്രകാരം പോളച്ചിറ ഏലായിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്; പ്രസ്തുത പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്നാണ്; ജോലികൾ പൂർത്തീകരിക്കേണ്ടുന്ന സമയപരിധി എന്നാണ് അവസാനിക്കുന്നത്;

(സി) നിലവിൽ എത്രത്തോളം നിർമ്മാണജോലികൾ ചെയ്തിട്ടുണ്ട്; ഇത് ആകെ പ്രവൃത്തികളുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രത്തോളം;

(ഡി) പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭാഗിക ബിൽ കൺവീനർക്ക് നൽകിയിട്ടുണ്ട്;

(ഇ) ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണ്; ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(എഫ്) നിർമ്മാണ പ്രവർത്തനം തുടരുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്നും, തടസ്സം നീക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

പരക്കാട് കൃഷിഫാമിൽ സെപ്റ്റേജ് മാലിന്യസംസ്കരണ പ്ലാന്റ്

1694 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പരക്കാട് കൃഷിഫാമിൽ സെപ്റ്റേജ് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിരുന്നതായി അറിയുമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കൃഷിവകുപ്പിന്റെ അനുമതിയോടെയാണോ ഇതിനുള്ള നടപടികൾ തുടങ്ങിയതെന്നും വകുപ്പ് ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഡി) ഈ മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ മണ്ഡലത്തിലെ എം. എൽ. എ. യും ഗ്രാമപഞ്ചായത്തും മറ്റെല്ലാ രാഷ്ട്രീയ സാസ്കാരിക സംഘടനകളും ആക്ഷൻ കൗൺസിൽ രൂപീകരിച്ച് പ്രക്ഷോഭം ആരംഭിക്കുകയും അതിന്റെ നിവേദനം സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ടി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(എഫ്) പരക്കാട് കൃഷിഫാമിലെ ഭൂമി കാർഷികാവശ്യത്തിനുവേണ്ടിയല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കുകയില്ലെന്ന സർക്കാർ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മാലിന്യസംസ്കരണ പ്ലാന്റ് സംബന്ധിച്ച നടപടികൾ പൂർണ്ണമായും നിറുത്തി വച്ചുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>റബര്‍ കര്‍ഷകര്‍ നേരിടുന്ന പ്രതിസന്ധികള്‍</u>

1695 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, എ.കെ. ബാലന്‍
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുറഞ്ഞ തീരുവയില്‍ വന്‍തോതില്‍ റബ്ബര്‍ ഇറക്കുമതി നടത്താന്‍ കേന്ദ്രസര്‍ക്കാര്‍ അനുമതി നല്‍കിയിരിക്കുന്നതുമൂലം റബ്ബര്‍ കൊണ്ടുമാത്രം ഉപജീവനം നടത്തുന്ന പന്ത്രണ്ട് ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബര്‍ കൃഷിക്കാര്‍ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റബ്ബര്‍ അധിഷ്ഠിത ഉല്‍പന്നങ്ങളുടെ വില ഗണ്യമായി വര്‍ദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില കുറയുന്നതിന്റെ കാരണം പരിഗണിച്ചിട്ടുണ്ടോ;

(സി) 2011 മാര്‍ച്ചില്‍ ഉണ്ടായിരുന്ന റബ്ബര്‍ വിലയും 2013 മാര്‍ച്ചിലെ വിലയും താരതമ്യം ചെയ്ത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതേ കാലയളവിലെ കൃഷിക്കാരന്റെ റബ്ബര്‍ ഉല്‍പാദനച്ചെലവും ഇപ്പോഴത്തെ ചെലവും തമ്മിലുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച കേന്ദ്ര ഗവണ്‍മെന്റ് നയത്തില്‍ മാറ്റം വരുത്താതിരിക്കുന്ന സാഹചര്യത്തില്‍ സംസ്ഥാന സര്‍ക്കാര്‍ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തികവര്‍ഷം കമ്പനികള്‍ക്കാവശ്യമായ റബ്ബര്‍ ഇറക്കുമതി ചെയ്തതിനു ശേഷം മാത്രമാണ് തീരുവ അല്‍പം വര്‍ദ്ധിപ്പിച്ചതെന്ന കാര്യം സര്‍ക്കാരിനറിയാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

1696 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തിയ റബ്ബറിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റബ്ബർ വിലയിടിവ് മൂലമുണ്ടായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) റബ്ബർ വിലത്തകർച്ച മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(സി) കേന്ദ്ര ഗവൺമെന്റിനു സർക്കാർ നിവേദനം നൽകിയിട്ടുണ്ടോ; നിവേദനത്തിനു മറുപടി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>റബ്ബർ ഉത്പാദനവും കമ്പോളവിലയും</u>

1697 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരാശരി എത്ര ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു; കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷവും ഈ വർഷം നാളിതുവരെയും സംസ്ഥാനത്ത് ഉല്പാദിക്കപ്പെട്ട റബ്ബർ എത്ര ടൺ ആണെന്ന് വിശദമാക്കാമോ;

(ബി) 2011 ഏപ്രിൽ 1ന് ശേഷം നാളിതുവരെ റബ്ബറിന് ഏറ്റവും കൂടിയ വില കമ്പോളത്തിലുണ്ടായിരുന്നത് എപ്പോഴായിരുന്നു; വില എത്രയായിരുന്നു; ഇതേ കാലയളവിനുള്ളിൽ റബ്ബർ വില ഏറ്റവും കുറഞ്ഞ കാലയളവ് ഏതായിരുന്നു; കുറഞ്ഞ വില എത്രയായിരുന്നു;

(സി) റബ്ബർ വിലയിടിവ് മൂലം കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്തിനും കൃഷിക്കാർക്കും ഉണ്ടായ നഷ്ടം ശരാശരി എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

റബ്ബർ വിലയിടിവും കാർഷിക ഉല്പാദന പ്രതിസന്ധിയും

1698 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കാർഷിക ഉല്പാദന പ്രതിസന്ധിമൂലം കേരളത്തിലെ കർഷകർക്കുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>റബ്ബർ വിലയിടിവ്</u>

T.1699 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിലെ റബ്ബർ കർഷകരെ സാരമായി ബാധിക്കുന്ന റബ്ബർ വിലയിടിവ് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>റബ്ബർ വിലസ്ഥിരത</u>

1700 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്;

(ബി) പ്രതിവർഷ റബ്ബർ ഉത്പാദനം എത്രയാണ്;

(സി) റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഡി) പ്രതിവർഷം ഇതിനായി എത്ര തുക ചെലവഴിക്കുന്നുണ്ട്;

(ഇ) റബ്ബർ ബോർഡ് റബ്ബർ കർഷകർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കുന്നത്;

(എഫ്) 2011 മെയ് മാസത്തിൽ സ്വാഭാവിക റബ്ബറിന്റെ വില എത്രയായിരുന്നു;

(ജി) 2012 ജനുവരി, ജൂൺ മാസങ്ങളിലെ സ്വാഭാവിക റബ്ബറിന്റെ വിലയും 2013 ജനുവരി, ജൂൺ മാസങ്ങളിലെ വിലയും 2014 ജനുവരിയിലെ വിലയും എത്രയെന്നു വ്യക്തമാക്കുമോ;

(എച്ച്) സ്വാഭാവിക റബ്ബറിന് ഏറ്റവുമധികം വില ലഭിച്ചതെപ്പോഴാണ്; എത്രയായിരുന്നു;

(ഐ) സ്വാഭാവിക റബ്ബറിന്റെ വിലസ്ഥിരത ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാർ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

റബ്ബറിന്റെയും റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടേയും വിലനിലവാരം

1701 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വിവിധ ഇനം റബ്ബറുകൾക്ക് 2011 മാർച്ച് 11 ന് ഉണ്ടായിരുന്ന വിലനിലവാരവും പിന്നീടുള്ള വർഷങ്ങളിൽ മാർച്ച് 11 -ലെ വിലനിലവാരവും വിശദമാക്കാമോ;

(ബി) റബ്ബർ അസംസ്കൃത വസ്തുവായിട്ടുള്ള ടയറുകളുടെ 2011 മാർച്ച് 11 നുണ്ടായിരുന്ന വില നിലവാരവും തുടർന്നുള്ള വർഷങ്ങളിലെ മാർച്ച് 11 -ലെ നിലവാരവും വിശദമാക്കാമോ;

(സി) സ്വാഭാവിക റബ്ബറിന്റെ വില നിലവാരത്തിലുണ്ടായ ഏറ്റക്കുറച്ചിലുകളും, ടയർ വിലയിലുണ്ടായ ഏറ്റക്കുറച്ചിലുകളും തമ്മിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ; ആധികാരിക വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശകലനം നടത്തി വിശദമാക്കാമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>റബ്ബർ കൃഷിയും ടയർ വില നിലവാരവും</u>

1702 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ റബ്ബർ ഉല്പാദനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; റബ്ബർ ഉല്പാദന മേഖലയിൽ എത്ര കൃഷിക്കാർ ഉള്ളതായി കണക്കാക്കുന്നു; ഇവരിൽ വൻകിട ഉല്പാദകർ എത്ര; ചെറുകിട ഉല്പാദകർ എത്ര;

(ബി) റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വൻകിട ടയർ നിർമ്മാണ കമ്പനികൾ എത്രയുണ്ടെന്ന് വിവരം ലഭ്യമാക്കാമോ; വൻകിട ടയർ നിർമ്മാണ കമ്പനികളിൽ സംസ്ഥാനത്ത് റജിസ്ട്രേഡ് ഓഫീസുള്ളവ എത്ര; സംസ്ഥാനത്തിന് പുറത്ത് റജിസ്ട്രേഡ് ഓഫീസുള്ളവ എത്ര;

(സി) സ്വാഭാവിക റബ്ബറിന്റെ വില കുറയുമ്പോഴും ടയർവില വർഷം തോറും വർദ്ധിക്കുകയാണന്നറിയാമോ; കഴിഞ്ഞ മൂന്നു വർഷത്തെ പ്രധാന സീസണുകളിലെ സ്വാഭാവിക റബ്ബറിന്റെ വിലയും, അതേ സമയത്തെ ടയറിന്റെ വിലയും താരതമ്യം ചെയ്ത് വിശദമാക്കാമോ;

(ഡി) ടയർ ഉല്പാദിപ്പിച്ച് വില്പന നടത്തുന്ന കമ്പനികൾ നല്കുന്ന നികുതിയുടെ എത്ര ശതമാനം കേരളത്തിന് ലഭിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ആഞ്ഞിലിമരങ്ങൾക്ക് ബാധിച്ച രോഗം

1703 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഞ്ഞിലിമരങ്ങൾക്ക് വ്യാപകമായി രോഗം ബാധിച്ചതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ;

(സി) പ്രസ്തുത രോഗം മറ്റേതെങ്കിലും സസ്യങ്ങളെ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇതിനെതിരെ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ്</u>

1704 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സഹസ്ര സരോവർ പദ്ധതി</u>

1705 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ പുനരുദ്ധാരണം വഴി ഭൂഗർഭജല സംരക്ഷണം, ഉൾനാടൻ മത്സ്യകൃഷി, ജൈവപച്ചക്കറി കൃഷി, തരിശുനില രഹിതകേരളം എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയുള്ള സഹസ്രസരോവർ പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. വഴി നിർദ്ദേശിക്കപ്പെട്ട നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അഞ്ചൽ കൃഷിഭവന്റെ പരിധിയിലുള്ള വാട്ടർഷെഡ് പദ്ധതികൾ</u>

1706 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ കൃഷിഭവന്റെ പരിധിയിൽ ഏതൊക്കെ വാട്ടർഷെഡ് പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിലേയ്ക്ക് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ വർഷങ്ങളിലാണ് ഇവയുടെ പ്രവർത്തനം ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) നാളിതുവരെ ഈ പദ്ധതികളിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഈ ആവശ്യത്തിലേയ്ക്കായി എത്ര തുക ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(സി) അഞ്ചൽ കൃഷിഭവന്റെ പരിധിയിലുള്ള വിവിധ വാട്ടർഷെഡ് പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നാണെന്ന് അറിയിക്കുമോ; സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അഞ്ചൽ കൃഷി ഭവന്റെ പരിധിയിലുള്ള</u>
<u>നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ</u>

1707 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ കൃഷി ഭവന്റെ പരിധിയിൽ നിലവിൽ എത്ര നീർത്തടാധിഷ്ഠിത വികസന പദ്ധതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഇവ ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും നാളിതുവരെ എത്ര തുക ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ അഞ്ചൽ കൃഷി ഭവനിൽനിന്നും വിവിധ നീർത്തടാധിഷ്ഠിത പദ്ധതികൾ പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആനുകൂല്യങ്ങൾ ലഭ്യമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജിലെ കായംകുളം മണ്ഡലത്തിലെ കുളങ്ങളുടെ പുനരുദ്ധാരണം

1708 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളുടെ പുനരുദ്ധാരണത്തിനാണ് അനുമതി ലഭിച്ചത്;

(ബി) ഇതിൽ നിർമ്മാണം പൂർത്തീകരിച്ചത് ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സോയിൽ മ്യൂസിയം</u>

1709 ശ്രീ. അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ മ്യൂസിയത്തിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മണ്ണ് പര്യവേഷണത്തെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളും, ആകർഷണങ്ങളുമാണ് മ്യൂസിയത്തിൽ ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് മ്യൂസിയത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പശ്ചിമഘട്ടമേഖലയിലെ ജൈവ കൃഷി</u>

1710 ശ്രീ. എം. ചന്ദ്രൻ
,, സാജു പോൾ
,, എ.കെ.ബാലൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടമേഖല ജൈവകൃഷിയിലേക്ക് മാറണമെന്ന ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശ സംസ്ഥാനത്തെ മലയോര കാർഷിക മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) നാണ്യവിളകൃഷിയിലധിഷ്ഠിതമായ മലയോര കാർഷികരംഗം ജൈവവളപ്രയോഗത്തിലൂടെ മാത്രം മുന്നേറാൻ സാധിക്കുമോ;

(സി) ഇക്കാര്യങ്ങളിലെല്ലാമുള്ള മലയോര കർഷകരുടെ ആശങ്ക മാറ്റാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>മണ്ണു പരിശോധനാ ലബോറട്ടറി</u>

1711 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി-ഷൊർണൂർ റോഡിൽ മണ്ണു പരിശോധനാ ലബോറട്ടറിക്കു സമീപം കൃഷി വകുപ്പിന്റെ അധീനതയിലുള്ള പന്ത്രണ്ടോളം ഏക്കർ സ്ഥലത്തു നിന്ന് പട്ടാമ്പി ഫയർ സ്റ്റേഷന് വേണ്ടി 50 സെന്റ് സ്ഥലവും, കെ.എസ്.ആർ.ടി.സി യുടെ ഡിപ്പോ, വർക്ക്ഷോപ്പ്, ഷോപ്പിംഗ് കോംപ്ലക്സ് അടക്കമുള്ള ബസ് സ്റ്റേഷന് രണ്ട് ഏക്കർ സ്ഥലവും കൃഷി വകുപ്പിൽ നിന്നും അനുവദിക്കുമോ;

(ബി) ഇതു സംബന്ധിച്ച് മുൻപ് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ബാക്കിയുള്ള സ്ഥലം ഹോർട്ടികോർപ്പിന്റെ ജില്ലാ തലത്തിലുള്ള സംഭരണ കേന്ദ്രമാക്കി മാറ്റുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നെല്ല് സംഭരണം</u>

1712 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷം നാളിതുവരെ എത്ര ടൺ നെല്ല് സംഭരിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി കർഷകർക്ക് എത്ര തുക നൽകേണ്ടതുണ്ട്; എത്ര തുക നാളിതുവരെ നൽകി; വ്യക്തമാക്കുമോ;

(സി) സംഭരണത്തിനായി നെല്ല് നൽകിയശേഷം നാളിതുവരെ പണം ലഭിക്കാത്ത എത്ര നെൽ കർഷകർ ഉണ്ടെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങളിൽ നെല്ല് നൽകി എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് നിലവിലെ നിയമപ്രകാരം എത്ര ദിവസത്തിനകം പണം നൽകേണ്ടതുണ്ട് എന്നും ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും എപ്പോൾ ഇവർക്ക് പണം നൽകുമെന്നും വ്യക്തമാക്കുമോ;

(ഇ) നെൽകൃഷിക്ക് വേണ്ട സഹായം ലഭ്യമാക്കുവാനും ഉല്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സംഭരിക്കുന്നതിനും, ആയതിന് യഥാസമയം പണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു നെൽകർഷക കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

തിരുവനന്തപുരം പൂവച്ചലിലെ വേൾഡ് മാർക്കറ്റ്

1713 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തിരുവനന്തപുരം പൂവച്ചലിൽ സ്ഥാപിക്കുന്ന ലോക നിലവാരമുള്ള മാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് എന്ത് തുക ചിലവഴിക്കുകയുണ്ടായി;

(സി) ലോകത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലേക്ക് ഇവിടെ നിന്നും ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്; എത്ര ജീവനക്കാർ ഇവിടെയുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കൊട്ടിയത്തെ എൽ. എം. റ്റി. സി. യിൽ ട്രെയിനിംഗ് ആരംഭിക്കാൻ നടപടി</u>

1714 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാരുടെ പരിശീലനത്തിനും, അനുബന്ധ താമസത്തിലേക്കുമായി കൊട്ടിയത്തു നിർമ്മിച്ച എൽ. എം. റ്റി. സി കെട്ടിടത്തിന് എത്ര തുക വിനിയോഗിച്ചുവെന്നും, ഈ കെട്ടിടത്തിൽ ട്രെയിനിംഗ് പ്രവർത്തനം എന്ന് ആരംഭിച്ചുവെന്നും അറിയിക്കുമോ;

(ബി) എൽ. എം. റ്റി. സി. യിൽ ട്രെയിനിംഗ് നടത്തുന്നതിലേക്ക് ആവശ്യമായ ജീവനക്കാർ നാളിതുവരെയില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ഉണ്ടായിട്ടും ജീവനക്കാരുടെ കുറവ് നിമിത്തം പ്രവർത്തനം തുടരാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡ് നിർമ്മാണം

1715 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് കാർഷിക യൂണിവേഴ്സിറ്റിയുടെ രണ്ട് ഏക്കർ ഭൂമി മന്ത്രിസഭായോഗത്തിലൂടെ അനുവദിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് ഹോസ്റ്റലും
ക്ലാസ് റൂമുകളും നിർമ്മിക്കാൻ നടപടി

1716

ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങളോ ആവശ്യത്തിന് ക്ലാസ് റൂമുകളോ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്കാവശ്യമായ ഹോസ്റ്റലും ക്ലാസ് റൂമുകളും നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപകനിയമനം</u>

1717 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപകരുടെ കുറവ് നിരന്തരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും, ആയതു പരിഹരിക്കാനുള്ള നടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>പട്ടാമ്പി കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷിശാസ്ത്ര പോളിടെക്നിക് ആരംഭിക്കാൻ നടപടി</u>

1718 ശ്രീ. സി. പി.മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പ്രാദേശിക കാർഷികഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന കൃഷിശാസ്ത്ര ഡിപ്ലോമ കോഴ്സ് വളരെ വിജയകരമായി നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും കോഴ്സിനുള്ള ഡിമാന്റും പരിഗണിച്ച് പ്രസ്തുത ഗവേഷണ കേന്ദ്രത്തിൽ ഒരു കൃഷിശാസ്ത്ര പോളിടെക്നിക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

‘ആശ്രയ’ പദ്ധതി

1719 ശ്രീ. വർക്കല കഹാർ
,, പി. എ. മാധവൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെപ്കോ, ‘ആശ്രയ’ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) സമൂഹത്തിലെ അശരണരായ വിധവകൾക്കും, മാരകരോഗങ്ങൾ ബാധിച്ചു ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടി മണ്ഡലത്തിൽ ആധുനിക മാംസ സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി</u>

1720 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപെട്ട പരിയാരം പഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള 15 ഏക്കർ സ്ഥലത്ത് ആധുനിക മാംസ സംസ്ക്കരണ ഫാക്ടറി സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഫാക്ടറിയുടെ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത 15 ഏക്കറിൽനിന്നും കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് ആവശ്യമായ സ്ഥലം നൽകുന്നതിനുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഇറച്ചിക്കോഴി വളര്‍ത്തല്‍ കൃഷിയായി അംഗീകരിക്കാന്‍ നടപടി</u>

1721 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഇറച്ചിക്കോഴി വളര്‍ത്തല്‍ കൃഷിയായി അംഗീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഇതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തില്‍ ഇതു കൃഷിയായി അംഗീകരിക്കാത്തതിനാല്‍ ഇറച്ചിക്കോഴി വളര്‍ത്തലില്‍ ഏര്‍പ്പെട്ടിരിക്കുന്നവര്‍ പ്രതിസന്ധിയിലാണെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇതുമൂലം ഇവിടത്തെ കര്‍ഷകര്‍ക്ക് പ്രയാസവും അന്യസംസ്ഥാന കര്‍ഷകര്‍ക്ക് ഗുണവും ഉണ്ടാകുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇറച്ചിക്കോഴി വളര്‍ത്തലിനെ കൃഷിയായി അംഗീകരിച്ച് ഉത്തരവിറക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കോഴിക്കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

1722 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലവർഷകെടുതി മൂലം കോഴിക്കർഷകർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കൃഷി വകുപ്പിന്റെ 10983/എഎച്ച്ജി2/13/അഗ്രി. ഫയൽ നമ്പർ പ്രകാരം ശ്രീമതി ജമീലയ്ക്ക് അനുവദിച്ച തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നഷ്ടപരിഹാരത്തുക നൽകുന്നതിനുണ്ടായ കാലതാമസം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനാവശ്യമായ കോഴി ഇറച്ചിയുടെയും മുട്ടയുടെയും കണക്ക്</u>

1723 ശ്രീ. എളമരം കരീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ഹംസ
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ അത്രയും കോഴി ഇറച്ചിയും മുട്ടയും സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യവും അതിനനുസൃതമായ പരിപാടിയും സർക്കാരിനുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇതിന്റെ നിക്ഷേപ-പ്രയോജന വിശകലനം നടത്തിയിട്ടുണ്ടോ;

(ബി) പ്രതിവർഷം സംസ്ഥാനത്തിനാവശ്യമായ കോഴി ഇറച്ചിയുടെയും മുട്ടയുടെയും ലഭ്യത നിറവേറ്റപ്പെടുന്നത് ഏതെല്ലാം നിലയിലാണ്; അന്യ സംസ്ഥാനത്തെ ഉല്പാദകരെ ഇതിനായി ആശ്രയിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടി കൊണ്ട് ഡിമാന്റിന്റെ എത്ര ശതമാനം ഉല്പാദിപ്പിക്കാൻ കഴിയും; ഇതിനായി ഏതെല്ലാം ഇളവുകളും ആനുകൂല്യങ്ങളും നല്കി വരുന്നുണ്ട്;

(ഡി) ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കാത്തതിന്റെ മുഖ്യ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കോഴിയിറച്ചിയുടേയും മുട്ടയുടേയും ഉത്പാദനത്തിന്റെ കണക്കുകൾ

1724 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിയുടേയും മുട്ടയുടേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലുള്ള കോഴിമുട്ട ഉത്പാദനത്തിന്റെ കണക്കുകൾ വിശദമാക്കാമോ;

(സി) നിരണം താറാവു വളർത്തൽ കേന്ദ്രത്തിൽ ബ്രോയിലർ താറാവുകളുടെ ഉത്പാദനവും വിപണനവും നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ 2011-2012, 2012-2013 വർഷങ്ങളിലുള്ള വിറ്റുവരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ ജൈവവൈവിധ്യ ഉദ്യാനം</u>

1725 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ ജൈവവൈവിധ്യ ഉദ്യാന പാർക്കിൽ മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണവും വൈവിധ്യവും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള വകുപ്പിന്റെ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

മൃഗ സംരക്ഷണ ചെക്ക് പോസ്റ്റുകൾ

1726 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തികളിൽ എത്ര മൃഗ സംരക്ഷണ ചെക്ക് പോസ്റ്റുകളാണുള്ളത്; ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ചെക്കുപോസ്റ്റുകളിൽ നിശ്ചയിച്ചിട്ടുള്ള മൃഗ ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ചെക്ക് പോസ്റ്റുകളിൽ നിലവിൽ ഡോക്ടർമാരുണ്ടോ; എങ്കിൽ ഏതെല്ലാം ചെക്കുപോസ്റ്റുകളിലാണ് ഡോക്ടർമാർ ഇല്ലാത്തത്;

(ഡി) ഡോക്ടർമാർ ഇല്ലാത്ത ചെക്ക് പോസ്റ്റുകൾവഴി രോഗ ബാധിതരായ മൃഗങ്ങളെ കൊണ്ടുവരുന്നത് തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പടർന്ന് പിടിക്കുന്ന കുളമ്പുരോഗം തടയാൻ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾവഴി അന്യ സംസ്ഥാനത്തുനിന്നും ശരാശരി എത്ര മൃഗങ്ങളെയാണ് ഒരു മാസം കേരളത്തിൽ കൊണ്ടുവരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ്

1727 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം വന്നു ചത്ത കന്നുകാലികളുടെ ഇൻഷ്വറൻസ് കവറേജ് പ്രകാരം ലഭിച്ചുവരുന്ന തുക ബന്ധപ്പെട്ട കർഷകന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) കന്നുകാലികളുടെ ഇൻഷ്വറൻസ് ഇനത്തിൽ വലിയൊരു തുക പ്രീമിയമായി ഇൻഷ്വറൻസ് കമ്പനികൾക്ക് ലഭിക്കുന്നുണ്ടെങ്കിലും കുളമ്പുരോഗം പോലുള്ള രോഗങ്ങൾ ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങുമ്പോൾ ആയതിന്റെ നഷ്ടപരിഹാരം നൽകുന്നതിൽ കമ്പനികൾ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ

1728 ശ്രീ. രാജു എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മൃഗസംരക്ഷണ മേഖലയിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൃഗസംരക്ഷണ മേഖലയ്ക്കായി പദ്ധതിയിനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; എത്ര ശതമാനം ചെലവഴിച്ചു; വർഷാടിസ്ഥാനത്തിലുള്ള കണക്കുസഹിതം വിശദമാക്കുമോ;

(സി) മൃഗസംരക്ഷണ മേഖലയിൽ നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ഡി) മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവഴിച്ചത്;

(ഇ) കന്നുകാലികളിൽ പടർന്നു പിടിക്കുന്ന കുളമ്പുരോഗം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ</u>

1729 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന കന്നുകാലികളിൽ നിന്ന് കേരളത്തിലെ കന്നുകാലികൾക്ക് മാരകമായ രോഗങ്ങൾ പകരുന്നത് തടയുന്നതിന് എടുത്ത നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ വ്യാപകമായ കുളമ്പുരോഗം മൂലം എത്ര കന്നുകാലികൾക്ക് നാശം സംഭവിച്ചുവെന്നും കന്നുകാലി കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരം നൽകിയെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കന്നുകാലികളിലെ രോഗങ്ങൾ</u>

1730 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികളിലൂടെ കന്നുകാലികളുടെ ആരോഗ്യസുരക്ഷ ലക്ഷ്യമിട്ട് വിവിധ പരിപാടികളും ഓരോ കാലയളവിലും വാക്സിനേഷൻ പരിപാടികളും നടപ്പിലാക്കുമ്പോഴും കന്നുകാലികളിലെ രോഗങ്ങളും അവയുടെ മരണവും നിയന്ത്രണമില്ലാതെ തുടരുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുളമ്പുരോഗനിർമ്മാർജ്ജനത്തിന് വാക്സിനേഷൻ നടത്തിയപ്പോൾ വാക്സിന്റെ തകരാറ് മൂലം ഒട്ടേറെ കന്നുകാലികൾ മരണമടയുകയുണ്ടായത് ശ്രദ്ധയിൽപെട്ടിരുന്നുവോ; പ്രസ്തുത സംഭവത്തിന് കാരണമായത് എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്കിടയിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി</u>

1731 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വിദ്യാലയങ്ങളിലാണ് പദ്ധതി നടപ്പാക്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ എത്ര തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തു നിന്നും കന്നുകാലികളുടെ അനധികൃതമായ കടത്ത്</u>

T.1732 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുളമ്പുരോഗം വ്യാപകമായിട്ടും നിരോധനം മറികടന്ന് അന്യസംസ്ഥാനത്തു നിന്നും കന്നുകാലികള്‍ എത്തുന്നതായ വസ്തുത ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ ;

(ബി) കടത്തികൊണ്ടുവരുന്ന അറവുമാടുകള്‍ വിവിധ രോഗബാധയുള്ളതാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തില്‍ എന്തെല്ലാം മുന്‍കരുതല്‍ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) രോഗമുള്ള അറവുമാടുകള്‍ എത്തുന്നത് തടയുന്നതിന് രോഗബാധയുള്ള കന്നുകാലികളുടെ ഇറച്ചി വില്‍പ്പന നടത്തുന്നില്ലായെന്നു ഉറപ്പുവരുത്തുവാന്‍ കര്‍ശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കന്നുകാലികളിലെ കുളമ്പുരോഗം

1733 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളമ്പുരോഗം പടർന്നു പിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗബാധ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കന്നുകാലി സമ്പത്തിനെ എത്രമാത്രം ബാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത രോഗം പൂർണ്ണമായി തടയുന്നതിന് കഴിഞ്ഞ കാലങ്ങളിൽ സ്വീകരിച്ചു വന്ന പ്രതിരോധ നടപടികൾ കാലാനുസൃതമായി പരാജയപ്പെട്ടതു കൊണ്ടാണ് ഇപ്പോൾ പ്രസ്തുത രോഗം പടർന്നു പിടിക്കാൻ ഇടയായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടികളെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കന്നുകാലികളില്‍ കുളമ്പുരോഗം തടയുന്നതിന് നടപടി

1734 ശ്രീ. എ.കെ. ബാലന്‍
,, എസ്. രാജേന്ദ്രന്‍
,, എം. ചന്ദ്രന്‍
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കന്നുകാലികളില്‍ കുളമ്പുരോഗം പിടിപെട്ടിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം പ്രദേശത്താണ് ഇത് രൂക്ഷമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുളമ്പുരോഗം പടരുന്നത് തടയാന്‍ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കുളമ്പുരോഗം വരുന്നതിനുള്ള കാരണത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുളമ്പുരോഗവ്യാപനത്തെ തുടര്‍ന്ന് ക്ഷീരകര്‍ഷകര്‍ ദുരിതത്തിലാണെന്നും സംസ്ഥാനത്തെ ക്ഷീരോല്‍പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ പാല്‍ ഉപയോഗയോഗ്യമാണോ; ഇല്ലെങ്കില്‍ ഇത്തരം പാല്‍ ഉപഭോക്താക്കളില്‍ എത്താതിരിക്കാന്‍ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗവ്യാപനം തടയുന്നതിന് നടപടി</u>

1735 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളിൽ കുളമ്പുരോഗവ്യാപനം തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കൊണ്ടുവരുന്നത് പൂർണ്ണമായി തടഞ്ഞത് മൂലം ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ നേരിടുന്ന പ്രയാസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലികളെ പരിശോധനയ്ക്ക് വിധേയമാക്കി രോഗമില്ലാത്തവയെ ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>കന്നുകാലികളിലെ കുളമ്പുരോഗം</u>

1736 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ കുളമ്പുരോഗം പ്രതിരോധിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ കുളമ്പുരോഗം പടർന്നുപിടിക്കുവാനുണ്ടായ സാഹചര്യം എന്തെന്നു വെളിപ്പെടുത്തുമോ;

(സി) ഭാവിയിൽ ഇത്തരം രോഗങ്ങൾ വളർത്തുമൃഗങ്ങളിൽ പടരുന്നതു തടയുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കന്നുകാലികളിലെ കുളമ്പുരോഗം</u>

1737 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി പശുക്കൾക്ക് പിടിപെട്ടിട്ടുളള കുളമ്പുരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനും തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) കുളമ്പുരോഗം ബാധിച്ച് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര കന്നുകാലികൾ ചത്തുപോയിട്ടുണ്ട്;

(സി) ചത്തുപോയ പശുക്കളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗം തടയുന്നതിന് നടപടി</u>

1738 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പു രോഗം തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം തടയുന്നതിനുള്ള വാക്സിൻ വാങ്ങുന്നതുമായി ബന്ധപ്പെട്ട ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന് സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

മൃഗങ്ങളിൽ കുളമ്പുരോഗം പടരുന്നത് സംബന്ധിച്ച്

1739 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം പടർന്ന് പിടിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് മൂലം കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രോഗപ്രതിരോധത്തിനും രോഗനിയന്ത്രണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത രോഗം പിടിപെട്ട് മരണമടയുന്ന മൃഗങ്ങളുടെ ഉടമകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മൃഗങ്ങളെ നഷ്ടമായവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗം ബാധിച്ചു ചത്തുപോയ മൃഗങ്ങൾ</u>

1740 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കുളമ്പുരോഗം ബാധിച്ചു ചത്തുപോയ വിവിധ വളർത്തുമൃഗങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം വ്യാപകമായി പടർന്നുപിടിക്കുന്നതു തടയുന്നതിനായി എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്;

(സി) വളർത്തുമൃഗങ്ങൾ ചത്തു സാമ്പത്തികനഷ്ടം സംഭവിച്ചവർക്കു നഷ്ടപരിഹാരം നൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഗോരക്ഷ പദ്ധതിയിലൂടെ കുളമ്പുരോഗ പ്രതിരോധം</u>

1741 ശ്രീ. ഇ. പി. ജയരാജൻ
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോരക്ഷാ പരിപാടിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ കുളമ്പുരോഗത്തിനെതിരെ തീവ്ര പ്രതിരോധ കുത്തിവെയ്പ്പ് പരിപാടി നടത്തിയിരുന്നുവോ;

(സി) പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടും കുളമ്പ് രോഗം വരുവാനിടയായ സാഹചര്യം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) കുളമ്പുരോഗം പ്രാഥമിക ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടി സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗ പ്രതിരോധ വാക്സിൻ ക്ഷാമം</u>

1742 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളിൽ കുളമ്പുരോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുളമ്പുരോഗബാധിത കന്നുകാലികൾക്കുള്ള പ്രതിരോധ വാക്സിനായ ഓക്സിടെട്രാസൈക്ലിന്റെ ക്ഷാമം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ക്ഷാമമില്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗ വാക്സിൻ</u>

1743 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ കന്നുകാലി സമ്പത്ത് എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര കന്നുകാലികൾക്ക് കുളമ്പു രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കന്നുകാലികൾക്ക് ജീവഹാനി ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കുളമ്പുരോഗത്തിന് പ്രതിരോധ ചികിത്സകൾ എന്തെല്ലാമാണ്; മൃഗാശുപത്രികൾവഴി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ആയതിലേയ്ക്കായി 2013-2014ൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) കുളമ്പുരോഗ പ്രതിരോധത്തിനുള്ള മരുന്നുകളും വാക്സിനുകളും ഏതു കമ്പനികളിൽ നിന്നാണ് വാങ്ങുന്നത്;

(ഇ) പ്രസ്തുത മരുന്ന് ഉൽപാദനരംഗത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(എഫ്) 2012-2013, 2013-2014 എന്നീ വർഷങ്ങളിൽ എന്തു തുകയുടെ കുളമ്പുരോഗ പ്രതിരോധമരുന്നുകൾ പ്രസ്തുത കമ്പനികളിൽ നിന്നും വാങ്ങിയിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പ് രോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾ</u>

1744 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിൽ എത്ര പശുക്കൾക്ക് കുളമ്പുരോഗം സ്ഥിരീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കുളമ്പുരോഗം ബാധിച്ച് എത്ര പശുക്കൾ ചത്തൊടുങ്ങിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഇതുമൂലം എത്ര കുടുംബങ്ങളുടെ ജീവനോപാധി നഷ്ടമായെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കുളമ്പുരോഗത്തെത്തുടർന്ന് സംസ്ഥാനത്തെ കാലിച്ചന്തകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകിയിരുന്നുവോ ; വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ കണക്ക്</u>

1745 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിൽ മാരകമായ രീതിയിൽ കുളമ്പുരോഗം പടർന്നു പിടിച്ചത് മൃഗസംരക്ഷണ വകുപ്പിന്റെ അനാസ്ഥകൊണ്ടാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുളമ്പുരോഗം പടർന്നു പിടിച്ച് നാളിതുവരെ എത്ര കന്നുകാലികൾ മരണപ്പെട്ടു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഓരോ ജില്ലയിലും കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദീകരിക്കാമോ;

(ഡി) പ്രസ്തുത സാഹചര്യം അതിജീവിക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടി ആണ് സ്വീകരിച്ചതെന്നും, കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കി എന്നും വിശദീകരിക്കാമോ;

(ഇ) കുളമ്പുരോഗം പ്രതിരോധിക്കുവാനുള്ള കുത്തിവയ്പുകൾ എല്ലാ ജില്ലയിലും നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) കുളമ്പുരോഗ പ്രതിരോധ വാക്സിനേഷൻ നടത്തിയ കന്നുകാലികളിലും കുളമ്പുരോഗം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ജി) പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കന്നുകാലികളിൽ കുളമ്പുരോഗം വരുന്നത് മരുന്നിന്റെ ഗുണമില്ലായ്മ കൊണ്ടാണോ; അതോ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തതുകൊണ്ടാണോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>ആലത്തൂർ മണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ വിവരം</u>

1746 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം ബാധിച്ച് സംസ്ഥാനത്ത് എത്ര കന്നുകാലികളാണ് ഇതുവരെ മരണപ്പെട്ടതെന്നു വ്യക്തമാക്കുമോ;

(ബി) നഷ്ടപരിഹാരത്തിനായി ഇതുവരെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) നഷ്ടപരിഹാരമായി എന്തു തുകയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) രോഗം നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച് എത്ര കന്നുകാലികളാണ് മരണപ്പെട്ടിട്ടുള്ളത്;

(എഫ്) നഷ്ടപരിഹാരമായി എന്തു തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച കന്നുകാലികളുടെ വിവരം</u>

1747 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗം ബാധിച്ച് ചികിത്സ തേടിയതിന് ആഴ്ചകൾക്കുശേഷം മറ്റ് ലക്ഷണങ്ങൾ പ്രകടിപ്പിച്ച് കന്നുകാലികൾ ചത്തൊടുങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്ന കർഷകരെ സമാശ്വസിപ്പിക്കുന്നതിന് സർക്കാർ നൽകുന്ന സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗം ബാധിച്ച എത്ര കേസുകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും റിപ്പോർട്ടു ചെയ്തുവെന്നും, ആയതിന്മേൽ സ്വീകരിച്ച നടപടികളെന്താണെന്നും വിശദമാക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും റിപ്പോർട്ടു ചെയ്ത കുളമ്പുരോഗ കേസുകളിൽ, ഉടൻ മരണം സംഭവിച്ചവയെത്രയെന്നും ചികിത്സയ്ക്കുശേഷമുള്ള ഹ്രസ്വകാലയളവിൽ മരണം സംഭവിച്ചവയെത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കുളമ്പുരോഗ നിയന്ത്രണം

1748 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗനിയന്ത്രണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുളളതെന്ന് വിശദമാക്കാമോ;

(ബി) കുളമ്പുരോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ അറവുമൃഗങ്ങളിൽ രോഗപകർച്ചയില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുളള നടപടി എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

വൈക്കം താലൂക്കിൽ കുളമ്പുരോഗം മൂലം മരണപ്പെട്ട കന്നുകാലികളുടെ വിവരം

1749 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്കിൽ കുളമ്പുരോഗം മൂലം എത്ര മൃഗങ്ങൾ മരണപ്പെട്ടു എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുളമ്പുരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) കുളമ്പുരോഗത്താൽ മരണപ്പെടുന്ന മൃഗങ്ങളുടെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരം ലഭിക്കുന്നതിന് വെറ്ററിനറി ഡോക്ടറുടെ റിപ്പോർട്ടാണോ മാനദണ്ഡമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) വൈക്കം താലൂക്കിൽ മരണപ്പെട്ട മൃഗങ്ങളുടെ ഉടമസ്ഥർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ കുളമ്പു രോഗം</u>

1750 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുളമ്പുരോഗം ബാധിച്ച് എത്ര കന്നുകാലികൾ മരണപ്പെട്ടുവെന്നു അറിയിക്കാമോ;

(ബി) കന്നുകാലികൾ മരണപ്പെടുന്നതുമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) കുളമ്പുരോഗം പ്രതിരോധിക്കാൻ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ കുളമ്പ് രോഗംമൂലം മരിച്ച കന്നുകാലികൾ</u>

1751 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര കന്നുകാലികൾ കുളമ്പ് രോഗം മൂലം മരണപ്പെട്ടു ; എത്ര കന്നുകാലികൾക്ക് കുളമ്പ് രോഗം പിടിപ്പെട്ടു ; വ്യക്തമാക്കാമോ;

(ബി) കുളമ്പ് രോഗംമൂലം മരണപ്പെട്ട കന്നുകാലികളുടെ ഉടമസ്ഥർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) കുളമ്പ് രോഗത്താൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നത് പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) കുളമ്പ് രോഗം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കാൻ നടപടി</u>

1752 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ സ്ഥിരമായി ഡോക്ടർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകരം ചുമതലയുള്ള ഡോക്ടറുടെ സേവനം കർഷകർക്ക് ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തി മൃഗാശുപത്രിയുടെ കെട്ടിടനിര്‍മ്മാണം</u>

1753 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന കടുത്തുരുത്തി മൃഗാശുപത്രിയുടെ കെട്ടിടനിര്‍മ്മാണവുമായി ബന്ധപ്പെട്ട എ.എച്ച്. ജി.2/9889/2013 നമ്പര്‍ ഫയലില്‍ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിടനിര്‍മ്മാണവുമായി ബന്ധപ്പെട്ട ഡീറ്റെയില്‍ഡ് പ്രൊപ്പോസലും എസ്റ്റിമേറ്റും മൃഗസംരക്ഷണവകുപ്പ് ഡയറക്ടര്‍ സമര്‍പ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്നത്തേയ്ക്ക് സമര്‍പ്പിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ഡയറക്ടറേറ്റില്‍ ഉണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

1754 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ, പത്തിയൂർ, ചെട്ടികുളങ്ങര, ഭരണിക്കാവ്, കണ്ടല്ലൂർ, ദേവികുളങ്ങര, കൃഷ്ണപുരം പഞ്ചായത്തുകളിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് ഇനം തിരിച്ചു വ്യക്തമാക്കാമോ;

(ബി) ആയതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കാലടി പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്നതിന് നടപടി</u>

1755 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിലെ കാലടി പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രിയിൽ വെറ്ററിനറി ഡോക്ടർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രിയിലേക്ക് അടിയന്തിരമായി വെറ്ററിനറി ഡോക്ടറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കടുത്തുരുത്തിയിലെ റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ</u>

1756 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രമായി റീജിയണൽ വെറ്ററിനറി പോളിക്ലിനിക് & റഫറൽ സെന്റർ ആരംഭിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ ഫയൽ നമ്പർ എ.എച്ച്. ജി.3/34818/2013 ലെ തുടർ നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഡീറ്റയിൽഡ് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വെറ്ററിനറി പോളിക്ലിനിക്കിന്റെ ഡീറ്റയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ആവശ്യമുള്ള പുസ്തകങ്ങൾ

1757

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ജീവനക്കാർ ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന വിവിധ പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും സർക്കാർ പ്രസിലോ സർക്കാർ പ്രസിദ്ധീകരണങ്ങൾ വില്പന നടത്തുന്ന സ്ഥലങ്ങളിലോ ലഭ്യമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് ആവശ്യമുള്ളതും നിലവിൽ ലഭ്യമല്ലാത്തതുമായ പുസ്തകങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) ഇത്തരം പുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസുകളിൽ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ; പ്രസ്തുത പുസ്തകങ്ങളുടെ വിതരണത്തിനുള്ള തടസ്സം എന്താണ്;

(ഡി) ജീവനക്കാർക്ക് ഏറ്റവും കൂടുതൽ പ്രസ്തുത പുസ്തകങ്ങൾ ആവശ്യമായ ജനുവരി-ആഗസ്റ്റ് മാസങ്ങളിൽ ഇവ വില്പനയ്ക്ക് ലഭ്യമാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് സ്വകാര്യപ്രസുകാരെ സഹായിക്കാൻ വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ സർക്കാർ പ്രസ്സ് തുടങ്ങുന്നതിനു നടപടി

1758 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ പ്രസ്സ് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് പ്രസ്തുത പ്രസ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ സർക്കാർ പ്രസ്സ് തുടങ്ങുന്നതിന് ഇത് വരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സർക്കാർ ഡയറിയും കലണ്ടറും</u>

1759 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ഇതുവരെ സർക്കാർ ഡയറിയും കലണ്ടറും എത്ര വീതം അച്ചടിച്ചു ; ഇതിൽ എത്ര എണ്ണം വില്പനക്കായി വിതരണം ചെയ്തു; കഴിഞ്ഞ വർഷം ഇവ എത്ര വീതമായിരുന്നു ;

(ബി) ഡയറിയും കലണ്ടറും അച്ചടിച്ച വകയിൽ എത്ര രൂപ ചെലവായി ; വില്പനയിലൂടെ എത്ര രൂപ ലഭിച്ചു; വ്യക്തമാക്കാമോ ;

(സി) നടപ്പു വർഷത്തേക്കുള്ള ഡയറി ഏറ്റവും ഒടുവിൽ പ്രിന്റ് ചെയ്തത് എപ്പോഴാണ് ; പുതിയ മന്ത്രി സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഡയറി പുതുക്കി അച്ചടിക്കുകയുണ്ടായോ ; എങ്കിൽ അതിനായി ചെലവായ അധിക തുക എത്ര ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് സെന്‍ട്രല്‍ പ്രസ്സിലെ ടൈപ്പ് സ്റ്റോര്‍ സെക്ഷനിലെ ജോലി</u>

1760 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് സെന്‍ട്രല്‍ പ്രസ്സിലെ ടൈപ്പ് സ്റ്റോര്‍ സെക്ഷനില്‍ നിലവില്‍ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സെക്ഷനില്‍ നിലവില്‍ എന്തു ജോലിയാണ് നടക്കുന്നതെന്നും കഴിഞ്ഞ രണ്ടു വര്‍ഷക്കാലയളവില്‍ പ്രസ്തുത സെക്ഷനില്‍ നടന്ന ജോലിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് സർക്കാർ പ്രസ്സിലെ തസ്തികകൾ</u>

1761 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ പ്രസ്സിൽ എത്ര തസ്തികകൾ ഉണ്ടെന്നും പ്രസ്തുത തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും, എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കമ്പോസിംഗ് വിഭാഗം

1762 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ കമ്പോസിംഗ് വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കോഴിക്കോട് സർക്കാർ പ്രസ്സിലെ ഇലക്ട്രീഷ്യൻ തസ്തിക

1763 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ പ്രസ്സിൽ ഇലക്ട്രീഷ്യൻ ഇല്ലാത്തതു കാരണം പ്രസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇലക്ട്രീഷ്യൻ തസ്തികയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ജീവനക്കാരിയെ അപമാനിച്ച സംഭവം

1764

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ബയന്റിംഗ് വിഭാഗം ജൂനിയർ ഫോർമാൻ കെ. മോഹനൻ ഒരു വനിതാ ജീവനക്കാരിയെ തടഞ്ഞുനിർത്തി അസഭ്യം പറഞ്ഞ് അധിക്ഷേപിച്ചതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

അച്ചടി വകുപ്പിൽ ജീവനക്കാരുടെ അലവൻസ്

1765 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ 2013-ലെ ഓണക്കാലത്ത് ലഭിക്കേണ്ടിയിരുന്ന പെർഫോർമൻസ് അലവൻസ്/ബോണസ്/ ഫെസ്റ്റിവൽ അലവൻസ് ചില ജീവനക്കാർക്ക് ലഭിക്കാത്തതിനു കാരണമെന്താണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തത അലവൻസ് ഇതുവരെ ലഭിക്കാത്ത ജീവനക്കാർക്ക് ആയതു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?